ആർ ബി ഐ/2005-06/231

ഡി എൻ ബി എസ് (പി ഡി) സി സി നമ്പർ 60/02.01/2005-06 9, ഡിസംബർ 2005

എല്ലാ നോൺ ബാങ്കിങ്ങ് ഫൈനാൻഷ്യൽ കമ്പനികൾക്കും (എൻ ബി എഫ് സി കൾ)

പലവക നോൺ ബാങ്കിങ്ങ് കമ്പനികൾക്കും (എം എൻ ബി സി കൾ)

റസിഡറി നോൺ ബാങ്കിങ്ങ് കമ്പനികൾക്കും (ആർ എൻ ബി സി കൾ)

സർ,

**പൊതു നിക്ഷേപകങ്ങളോ നിക്ഷേപങ്ങളോ കാലാവധി തീരും മുമ്പ് പിൻവലിക്കുന്നത് സംബന്ധിച്ച്**

മേൽ സൂചിപ്പിച്ച വിഷയം സംബന്ധിച്ച് 2004 ഒക്ടോബർ 5 ന് ഞങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഡി എൻ ബി എസ് (പി ഡി) സി സി നമ്പർ. 44/02.01/2004-05 എന്ന സർക്കുലർ നോക്കുക. പ്രസ്തുത സർക്കുലറിന്റ ഖണ്ഡിക 3(5), യിൽ ഒറ്റപ്പേരിലുള്ളതോ/ ഒന്നാംപേരിൽ അതേ പദവിയിലുള്ളതോ ആയ എല്ലാ നിക്ഷേപ അക്കൗണ്ടുകളും, കാലാവധി തീരുന്നതിനുമുമ്പ് പിൻവലിക്കുന്ന സാഹചര്യത്തിൽ, ഒന്നിച്ചു ചേർത്ത് ഒറ്റ അക്കൗണ്ടായി കണക്കാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2. മേൽ സൂചിപ്പിച്ച വിധത്തിൽ അക്കൗണ്ടുകൾ ഒന്നിച്ചു ചേർക്കുന്നതിനുള്ള വകുപ്പ് എൻ ബി എഫ് സി/ആർ എൻ ബി സി/എം എൻ ബി സി പ്രോബ്ലം അക്കൗണ്ടുകൾക്ക് മാത്രമേ ബാധകമാകു എന്ന് ആവർത്തിച്ചു വ്യക്തമാക്കുന്നു. ഇപ്രകാരം പ്രസ്തുത വകുപ്പ് ഭേദഗതി ചെയ്തിട്ടുള്ളതായി വ്യക്തമാക്കുന്നു. ഭേദഗതിവരുത്തിയ 182 -184 നമ്പർ നോട്ടിഫിക്കേഷനുകളും താഴെ പറയുന്ന മറ്റുനോട്ടിഫിക്കേഷനുകളും (പുതുക്കി ഭേദഗതി ചെയ്ത രൂപത്തിൽ) താങ്കളുടെ അറിവിലേക്കും കർശനമായ നടത്തിപ്പിലേക്കുമായി ഇതൊന്നിച്ച് അയക്കുന്നു.

a. ഡി എഫ് സി 118/ഡി ജി (എസ് പി റ്റി) - 98 തീയ്യതി 31, ജനുവരി 1998
b. ഡി എഫ് സി 55/ഡി ജി (ഒ) - 87 തീയതി 15, മാർച്ച്, 1987
c. ഡി എൻ ബി സി.39/ഡി ജി(എച്ച്) - 77 തീയതി 20, ജൂൺ, 1977

3. ഇതിൻപ്രകാരം, ഒറ്റപ്പേരുകാരനോ/ഒന്നാംപേരുകാരനോ (അതേ പദവിയിലുള്ള) ആയ നിക്ഷേപകന്റെ പേരിലുള്ള 10000 രൂപ വരെയുള്ള ഡിപ്പോസിറ്റ് തുക, കാലാവധി തീരും മുമ്പ് പിൻവലിക്കുകയോ/ലോണെടുക്കുകയോ ചെയ്യുമ്പോൾ, പ്രസ്തുത അക്കൗണ്ടുകൾ ഒരുമിച്ചു ചേർത്ത് ഒറ്റ അക്കൗണ്ടായി പരിഗണിക്കുന്നതിനുള്ള വകുപ്പ് എൻ ബി എഫ് സി/ആർ എൻ ബി സി/എംമ എൻ ബി സി പ്രോബ്ലം അക്കൗണ്ടുകൾക്ക് മാത്രം ബാധകമായിരിക്കും.

4. നിക്ഷേപകൻ മരണമടയുന്ന സാഹചര്യത്തിൽ, ലോക്-ഇൻ പിര്യേഡിലുള്ള എൻ ബി എഫ് സി/എഫ് എൻ ബി സി/എം എൻ ബി സി പ്രോബ്ലം അക്കൗണ്ടുകളുടെ

കാര്യത്തിൽ പോലും നിക്ഷേപങ്ങൾ/ പൊതുനിക്ഷേപങ്ങൾ ഒരുമിച്ച് ചേർക്കാതെ തന്നെ തിരികെ നൽകാവുന്നതാണ് എന്ന് ഞങ്ങൾ ആവർത്തിക്കുന്നു.

5. നിങ്ങളുടെ കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് ഉൾപ്പെടുന്ന അധികാരപരിധിയുള്ള റിസർവ് ബാങ്കിന്റെ റീജിയണൽ ഓഫീസിലെ, നോൺ-ബാങ്കിംഗ് സൂപ്പർവിഷൻ വിഭാഗത്തിലേക്ക്, ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

പി.കൃഷ്ണമൂർത്തി

ചീഫ് ജനറൽ മാനേജർ - ഇൻ-ചാർജ്